പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2374 **27-10-2026-ൽ മറുപടിയ്ക്ക്**

ആണവ വൈദ്യുതിനിലയങ്ങൾ സ്ഥാപിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഫൈസൽ ബാബു

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. എ. കെ. എം. അഷ്റഫ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ആണവനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ബി) എങ്കിൽ ആണവനിലയങ്ങൾ സ്ഥാപിക്കുന്നതിന് പരിഗണനയിലുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്;

മറുപടി: ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി സോളാർ, കാറ്റ്, എന്നിവയിൽ നിന്നുമുള്ള വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

മറുപടി: പി.എം.കുസും പദ്ധതിയുടെ ഭാഗമായി മൈലാട്ടിയിൽ 3.5 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെയും, ക്ലബ്ഡ് സോളാർ പദ്ധതിയുടെ ഭാഗമായി കഞ്ചിക്കോട് 1.25 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്തെ സൗരോർജ്ജ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി പി.എം സൂര്യ ഘർ പദ്ധതിയിലൂടെ പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപനം വ്യാപകമാക്കിവരുന്നു. ഇതിനു പുറമേ, പി.എം സൂര്യ സരോവർ പദ്ധതിയിലൂടെ കൂടുതൽ സൗരോർജ്ജ ഉത്പാദന ശേഷി കൈവരിക്കുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ, സംസ്ഥാനത്തു സൗരോർജ്ജ ഉത്പാദനം വർധിപ്പിക്കുന്നതിനായി Tariff Based Competitive Bidding (TBCB) വ്യവസ്ഥയിലുള്ള സോളാർ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

വിൻഡ് മേഖലയിൽ പുതിയ 300 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ RFS (റിക്വസ്റ്റ് ഫോർ സെലക്ഷൻ) / ടെൻഡർ വിളിക്കാനുള്ള തീരുമാനം കെ.എസ്.ഇ.ബി.എൽ എടുക്കുകയും, തുടർന്ന് കേരള സംസ്ഥാന

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) യിൽ നിന്ന് ഇതിന് അപ്രൂവൽ ലഭിക്കുകയും ചെയ്തു. തുടർന്ന് RFS/tender വിളിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

ഇതിന് പുറമേ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കെ.എസ്.ഇ.ബി.എൽ-ന്റെ 2.025 മെഗാവാട്ട് കാറ്റാടി വൈദ്യുത നിലയത്തെ 5 MW കപ്പാസിറ്റിയിലേക്ക് ഉയർത്തുവാനുള്ള പദ്ധതിയ്ക്ക് ബോർഡ് അംഗീകാരം നൽകുകയും, ഇത് പ്രകാരമുള്ള താത്പര്യപത്രം 11.06.2026-ന് ക്ഷണിക്കുകയും ചെയ്തെങ്കിലും മതിയായ ബിഡ്ഡർമാരുടെ പങ്കാളിത്തം ലഭിക്കാത്തതിനാൽ, ടെൻഡറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ഉണ്ട്.

കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിലുള്ള ഇടുക്കി (രണ്ടാം ഘട്ടം), ഇടമലയാർ, ലോവർ പെരിയാർ, കല്ലട, ശബരിഗിരി, കക്കാട് തുടങ്ങിയ ജലവൈദ്യുത നിലയങ്ങളുടെ പ്രവർത്തന മികവും ജനറേറ്ററുകളുടെ ശേഷിയും വർദ്ധിപ്പിക്കുന്നതിനായി അവയുടെ നവീകരണവും ആധുനിക വൽക്കരണവും (Renovation and Modernisation work) ആസൂത്രണം ചെയ്തിട്ടുണ്ട്. കുറ്റിയാടി ജലവൈദ്യുത പദ്ധതിയിലെ ആദ്യത്തെ മൂന്ന് യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ (RMU) നിലവിൽ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ